പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2825 | 20.06.13 ൽ - മറുപടിക്ക്

## അട്ടപ്പാടിയിലെ എസ്.സി., എസ്.റ്റി. വിഭാഗങ്ങൾക്ക് ബി.പി.എൽ. കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

(എ) അട്ടപ്പാടിയിലെ മൂന്ന് പഞ്ചായത്തുകളിലായി എത്ര റേഷൻ കടകളാണ് ഉള്ളത്; പഞ്ചായത്ത് തിരിച്ചുള്ള എണ്ണം നൽകുമോ;

(എ) അട്ടപ്പാടിയിലെ മൂന്ന് പഞ്ചായത്തുകളിലായി 43 റേഷൻകടകളാണ് നിലവിലുള്ളത്.

| | | |
|---|---|---|
| അഗളി പഞ്ചായത്ത് | - | 23 |
| പുതൂർ പഞ്ചായത്ത് | - | 8 |
| ഷൊളയൂർ പഞ്ചായത്ത് | - | 14 |
| ആകെ | - | 45 |

(ബി) ഈ റേഷൻകടകളിലായി എത്ര റേഷൻ കാർഡ് ഉടമകൾ ഉണ്ട്; എസ്.സി.,എസ്.റ്റി., മറ്റുള്ളവർ എന്നിങ്ങനെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മൂന്ന് പഞ്ചായത്തിലെ 45 റേഷൻകടകളിലായി 21,621 റേഷൻകാർഡുടമകൾ ഉണ്ട്. ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ റേഷൻകാർഡുടമകളുടെ ജാതിതിരിച്ചുള്ള ലിസ്റ്റ് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് 10,182 പട്ടികവർഗ്ഗ റേഷൻകാർഡുടമകൾ ഉണ്ട്.

(സി) ഈ കടകളിലായി ആകെ എത്ര ബി.പി. എൽ., എ.പിഎൽ., അന്ത്യോദയ, അന്നോദയ മുതലായ വ്യത്യസ്ത കാർഡുടമകൾ ഉണ്ട്; ഇതിൽ എസ്.സി., എസ്.റ്റി., മറ്റുള്ളവർ എത്ര; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) <u>അഗളി പഞ്ചായത്ത് :</u>

| | | |
|---|---|---|
| റേഷൻകടകൾ | - | 23 |
| ബി.പി.എൽ. | - | 2,190 |
| എ.പി.എൽ. | - | 5,671 |
| അന്ത്യോദയ/അന്നയോജന | - | 3,543 |
| അന്നപൂർണ്ണ | - | 81 |

<u>പുതൂർ പഞ്ചായത്ത് :</u>

| | | |
|---|---|---|
| റേഷൻകടകൾ | - | 8 |
| ബി.പി.എൽ. | - | 917 |
| എ.പി.എൽ. | - | 1,063 |
| അന്ത്യോദയ/അന്നയോജന | - | 2,020 |
| അന്നപൂർണ്ണ | - | 35 |

<u>ഷോളയൂർ പഞ്ചായത്ത് :</u>

| | | |
|---|---|---|
| റേഷൻകടകൾ | - | 14 |
| ബി.പി.എൽ. | - | 1,097 |
| എ.പി.എൽ. | - | 2,279 |
| അന്ത്യോദയ/അന്നയോജന | - | 2,694 |
| അന്നപൂർണ്ണ | - | 31 |

(ഡി) എസ്.സി., എസ്.റ്റി. വിഭാഗങ്ങൾക്ക് എ.പി. എൽ. കാർഡ് ലഭിക്കാനുള്ള സാഹചര്യം വിശദമാക്കുമോ;

(ഡി) നിലവിലുള്ള കാർഡുകൾ വിഭജിച്ച് നൽകുമ്പോൾ എ.പി.എൽ. കാർഡുകൾ നൽകുന്നതാണ് എസ്.സി., എസ്.റ്റി.കാർക്ക് എ.പി.എൽ. കാർഡുകൾ ലഭിക്കുവാനുള്ള കാരണം. എന്നാൽ, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് ബി.പി.എൽ.കാർഡുകളായി മാറ്റി നൽകുന്നുണ്ട്.

(ഇ) എല്ലാ ആദിവാസി വിഭാഗങ്ങൾക്കും ബി.പി.എൽ. കാർഡ് നൽകാൻ നടപടി സ്വീകരിക്കുമോ ?

(ഇ) എല്ലാ ആദിവാസി വിഭാഗങ്ങൾക്കും ബി.പി. എൽ. കാർഡ് നൽകുന്ന നടപടി സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ